# കേരളത്തിലെ പാമ്പുകൾ

ഡോ. ടി. ആർ. ജയകുമാരി, ആർ. വിനോദ്കുമാർ





കേരളത്തിലെ വിവിധ ജൈവസമ്പന്ന മേഖലകളിൽ പാമ്പുകളെക്കുറിച്ച് നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ശാസ്ത്രീയമായി പ്രതിപാദിച്ചിരിക്കുന്ന ഗ്രന്ഥം.

ISBN 9788120048546

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

വില : 110/-

കേരളത്തിലെ പാമ്പുകൾ
ഡോ. ടി. ആർ. ജയകുമാരി, ആർ. വിനോദ്കുമാർ

3 1 3

# കേരളത്തിലെ പാമ്പുകൾ

ഡോ. ടി. ആർ. ജയകുമാരി
ആർ. വിനോദ്കുമാർ

2108

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2108 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

***Malayalam***
**KERALATHILE PAMPUKAL**

***by***
Dr. T.R. Jayakumari
R. Vinodkumar

First Published : January 2020

*Typeset at*
Akshaya (e) Centre
Perumpazhuthoor, TVPM

Printed at
Vijnanamudranam Press,
Nalanda, Thiruvananthapuram - 695003

*Published by*
State Institute of Languages, Kerala,
Thiruvananthapuram-695003

© The State Institute of Languages, Kerala,
Thiruvananthapuram 2020

Copies: 500

SIL/ 4854 ISBN 978-81-200-4854-6

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University levels, of the Government of India, Ministry of Human Resources Development, New Delhi.

Price : Rs. 110/- FT/2880

# കേരളത്തിലെ പാമ്പുകൾ

ഡോ.ടി.ആർ.ജയകുമാരി
ആർ.വിനോദ്കുമാർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇഴയുന്നകൂട്ടുകാർ | 1 |
| 2. | അണലി | 9 |
| 3. | അമ്മിഞ്ഞക്കുടിയൻ കുരുടിപ്പാമ്പ് | 12 |
| 4. | ആറ്റുവായ്പ്പാമ്പ് | 13 |
| 5. | ഇരുതലയൻ മണ്ണൂലി | 15 |
| 6. | ഇരുതലയൻ മുൾവാലൻ പാമ്പ് | 17 |
| 7. | ഇരുവരയൻ പാമ്പ് | 18 |
| 8. | ഇരുളൻ പവിഴപ്പാമ്പ് /വരയൻ പവിഴപ്പാമ്പ് | 19 |
| 9. | എഴുത്താണിച്ചുരുട്ട | 21 |
| 10. | എഴുത്താണി വളയൻ | 23 |
| 11. | എഴുത്താണിമൂർഖൻ | 25 |
| 12. | ഓരച്ചുരുട്ട | 27 |
| 13. | കട്ടപ്പുളവൻ | 29 |
| 14. | കരിന്തലയൻ പാമ്പ് | 31 |
| 15. | കാടൻ മെലിവാലൻ പാമ്പ് | 32 |
| 16. | കാട്ടുപാമ്പ് | 33 |
| 17. | കാട്ടുകൊമ്പേറി | 35 |
| 18. | കാട്ടുനീർക്കോലി | 37 |
| 19. | കതിരക്കളമ്പൻ മണ്ഡലി | 39 |
| 20. | കുരുടിപ്പാമ്പ് /കോഴിപ്പാമ്പ് | 41 |
| 21. | കുറ്റിവാലൻചുരുട്ട | 43 |
| 22. | കേരളാ വാലാട്ടിപ്പാമ്പ് /ലങ്കിരുതലയൻ പാമ്പ് | 45 |
| 23. | കൊക്കുരുട്ടിപ്പാമ്പ്/മൂക്കൻ കുരുടിപ്പാമ്പ് | 46 |
| 24. | ചട്ടിത്തലയൻ കുഴിമണ്ഡലി | 49 |
| 25. | ചുവന്ന ഇരുതലമൂരി/ഇരട്ടത്തലയൻ | 51 |
| 26. | ചുരുട്ട | 51 |
| 27. | ചുരുട്ടമണ്ഡലി | 53 |
| 28. | ചെംവലയൻ പാമ്പ് | 55 |
| 29. | ചെമ്മെലിവാലൻ പാമ്പ് | 56 |
| 30. | ചേര | 57 |
| 31. | തവിട്ടുതലയൻ പച്ചോലപ്പാമ്പ് | 59 |

| | | |
|---|---|---|
| 32. | തവിട്ടോലപ്പാമ്പ് | 61 |
| 33. | തവിട്ട് പൂച്ചക്കണ്ണൻ പാമ്പ് | 63 |
| 34. | തവിട്ടു മേലിവാലൻ പാമ്പ് | 65 |
| 35. | തിരുവിതാംകൂർ ചുരുട്ട | 66 |
| 36. | തിരുവിതാംകൂർ പൂച്ചക്കണ്ണൻ പാമ്പ് | 68 |
| 37. | തിൻഡൽ കരുടിപ്പാമ്പ് | 70 |
| 38. | തെക്കൻചുരുട്ട | 71 |
| 39. | തേളിയൻ | 73 |
| 40. | നാട്ടുകൊമ്പേറി | 75 |
| 41. | നാൽവരയൻ കൊമ്പേറി | 77 |
| 42. | നീർക്കോലി | 79 |
| 43. | പച്ചനാഗം | 81 |
| 44. | പച്ച മുളമണ്ഡലി | 83 |
| 45. | പച്ചിലപ്പാമ്പ് | 84 |
| 46. | പറക്കും പാമ്പ് | 87 |
| 47. | പൂച്ചക്കണ്ണൻ പാമ്പ് | 89 |
| 48. | ബെഡ്ഡോമി കരുടിപ്പാമ്പ് | 91 |
| 49. | മലക്കൊമ്പേറി | 92 |
| 50. | മലമ്പാമ്പ്/ പെരുമ്പാമ്പ് | 94 |
| 51. | മലയൻ കാട്ടുപാമ്പ് | 96 |
| 52. | മലഞ്ചുരുട്ട | 98 |
| 53. | മലബാർ കുഴിമണ്ഡലി | 100 |
| 54. | മൂക്കൻ കുഴിമണ്ഡലി | 102 |
| 55. | മൂർഖൻ | 104 |
| 56. | മൂവരയൻ ചുരുട്ട | 106 |
| 57. | മെലിവാലൻ പാമ്പ് | 108 |
| 58. | രാജവെമ്പാല | 109 |
| 59. | വരയൻചുരുട്ട | 112 |
| 60. | വരയൻ മേലിവാലൻ പാമ്പ് | 114 |
| 61. | വരയൻ വില്ലൂന്നി | 115 |
| 62. | വെള്ളിക്കെട്ടൻ/എട്ടടിവീരൻ | 117 |


# ഇഴയുന്ന കൂട്ടുകാർ

പരിണാമവഴികളിൽ കാലുകൾ നഷ്ടപ്പെട്ടുവെങ്കിലും കാടുകളിൽ മാത്രമല്ല നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും യഥേഷ്ടം സഞ്ചരിക്കുന്ന വന്യജീവികളാണ് പാമ്പുകൾ. ഇഴജന്തുക്കൾ അഥവാ ഉരഗങ്ങൾ എന്ന വർഗത്തിൽ ഉൾപ്പെടുന്ന ഇവയെ എല്ലാവരും ഭയത്തോടെ മാത്രമാണ് വീക്ഷിക്കാറുള്ളത്. അതിനാൽ ഇവ എപ്പോഴും ജീവഭീഷണിയുടെ നിഴലിലാണ്.

ക്രീറ്റേഷ്യസ് കാലഘട്ടത്തിൽ പല്ലിവർഗജീവികളിൽ നിന്നാണ് ഇവ ഉരുത്തിരിഞ്ഞതെന്ന് കരുതുന്നു. കടുത്ത തണുപ്പുള്ള അന്റാർട്ടിക്കയും, അയർലൻഡും ഐസ്‌ലൻഡും ന്യൂസിലൻഡും പോലുള്ള ഏതാനും മേഖലകളുമൊഴിവാക്കിയാൽ ലോകം മുഴുവൻ പാമ്പുകളെക്കാണാം. പാമ്പുകളുടെ എണ്ണവും വൈവിധ്യവും ഏറ്റവുമധികമുള്ളത് ഉഷ്ണമേഖലാ മഴക്കാടുകളിലാണ്. ഇവിടെത്തന്നെയാണ് ഏറ്റവും വലുപ്പമുള്ളവയെയും കാണുന്നത്. ഉദാഹരണമായി അനക്കോണ്ടയും പെരുമ്പാമ്പും. ഇവ യഥാക്രമം ദക്ഷിണ അമേരിക്കയിലെയും ദക്ഷിണേഷ്യയിലെയും മഴക്കാടുകളിൽ കാണുന്നു.

## പാമ്പുകളുടെ പൊതുസ്വഭാവങ്ങൾ

ഇഴയുന്ന കൂട്ടുകാർ എന്നു വിശേഷിപ്പിക്കാവുന്ന ഇവയ്ക്ക് ശരീരഘടനയിലും സ്വഭാവത്തിലും വ്യത്യസ്തതകളുണ്ടെങ്കിലും അനേകം പൊതുസ്വഭാവങ്ങളുമുണ്ട്. കൈകാലുകളില്ലാത്ത നീണ്ടുരുണ്ട ശരീരമാണ് പാമ്പുകളുടെ പ്രകടമായ സവിശേഷത. ഇവയുടെ ശരീരം, ഒന്നിനുമേൽ മറ്റൊന്ന് കടന്നിരിക്കുന്ന രീതിയിലുള്ള ശൽക്കങ്ങളാൽ പൊതിഞ്ഞിരിക്കും. കൺപോളകളില്ലാത്തതിനാൽ ഇവയുടെ കണ്ണുകൾ എപ്പോഴും തുറന്നുതന്നെയിരിക്കും. അതുപോലെ ഇവയ്ക്ക് ബാഹ്യകർണങ്ങളുമില്ല. നാവിന്റെ അറ്റം രണ്ടായിപ്പിളർന്നിരിക്കും. കീഴ്ത്താടിയും മേൽത്താടിയും സ്ഥിരമായി ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ വായ് വിസ്താരത്തിൽ തുറക്കാൻ കഴിയും. ഇവയെല്ലാം ശീതരക്തജീവികളാണ്. കൃത്യമായ ഇടവേളകളിൽ പുറന്തൊലി പൊഴിച്ചുകളയുന്ന സ്വഭാവമുണ്ട്. പൂർണമായും മാംസഭോജികളാണിവ. ഇരകളെ വിഴുങ്ങുകയാണ് പതിവ്. എല്ലാ പാമ്പുകളും ഏകാന്തവാസം ഇഷ്ടപ്പെടുന്നവയുമാണ്.